# മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ്പദ്ധതി
# സോഷ്യൽ ഓഡിറ്റ്പ്പോർട്ട്

## പാലക്കാട്ജില്ല

## ആലത്തൂർബ്ലോക്ക്

### എരുമയൂർ പഞ്ചായത്ത്

### സോഷ്യൽ ഓഡിറ്റ് പീരീഡ് 11.10.2019 To 18.10.2019

റിപ്പോർട്ട്തയ്യാറാക്കിയത്

ശരത് രാജ് ആർ

ആതിര

അനിത

ദിവ്യ

ശ്രീദിവ്യ

ആലത്തൂർ വില്ലേജ് റിസോഴ്സ് പേഴ്സൺസ്.


**വാർഡ് 2 എരിമയൂർ.**

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം


# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)2018-19


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | കവർ പേജ് | 1 |
| 2 | **ഉള്ളടക്കം** | 2 |
| 3 | ഭൂപടം | 3 |
| 4 | ആമുഖം | 4 |
| 5 | രീതിശാസ്ത്രം | 5 |
| 6 | പഞ്ചായത്ത് അടിസ്ഥാന വിവരങ്ങൾ | 6 |
| 7 | വാർഡിനെ കുറിച്ചുള്ള അടിസ്ഥാന വിവരം | 7 |
| 8 | തൊഴിലുറപ്പ് പദ്ധതി അടിസ്ഥാന വിവരം | 7 |
| 9 | ഓഡിറ്റ് നു വിധേയമാക്കിയ  പ്രവൃത്തികളുടെ ലിസ്റ്റ് | 8 |
| 10 | അവകാശഅധിഷ്ഠിതനിരീക്ഷണങ്ങൾ | 9 |
| 11 | ഫയൽപരിശോധന | 12 |
| 12 | 7രജിസ്റ്റർ പരിശോധന | 12 |
| 13 | പ്രവർത്തി ഫയലിലെ 22 രേഖകൾ | 14 |
| 14 | പ്രവർത്തികളുടെപരിശോധനവിവരണം | 19 |
| 15 | CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് | 23 |
| 16 | റോസ്റ്റർദിനം | 23 |
| 17 | വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി | 24 |
| 18 | ഗ്രാമസഭ തീരുമാനങ്ങളും നിർദ്ദേശങ്ങളും | 25 |
| 18 | ഉപസംഗ്രഹം | 26 |
| 19 | അനുബന്ധം- തൊഴിലുറപ്പ് പദ്ധതിയില് ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികള് | 27 |
| 20 | അനുബന്ധം2 വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതല | 28 |


## <u>ഭൂപടം</u>




വാർഡ് മാപ്: വാർഡ് 2 ചേരനാട്




**ആമുഖം**

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ്

ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

### സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്ന17(2) വകുപ്പ് നിഷ്കർഷിക്കുന്നു പദ്ധതി പ്രവർത്തന ത്തെപ്പറ്റിയും പൊതു ധനംചിലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന .തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുതവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിന് സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ച് അതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന് സോഷ്യൽ കണ്ടെത്താൻ കഴിയുന്നുസംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനപങ്കാളിത്തആണ്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി, വേദി എന്നിവ നിശ്ചയിച്ച 5 ദിവസം മുമ്പ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം പദ്ധതി ആസൂത്രണ്ണം. നിർവഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പ ദ്ധതിയിൽ സുഗമവും സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് 31 1 2017 നിലവിൽവന്നു

## 1.രീതിശാസ്ത്രം

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പെർസൺ പ്രവർത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. താഴെ പറയുന്ന രീതി അവലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

1. **ഓഡിറ്റ് പ്ലാൻ**
   - 1.1 ഓഡിറ്റ് പ്ലാൻ തയ്യാറാക്കൽ
   - 1.2 ഓഫീസ് സന്ദർശന പരിപാടികൾ
2. **അഭിമുഖം**
   - 2.1 ബിഡിഒ, പഞ്ചായത്ത് പ്രസിഡൻറ്, ജനപ്രതിനിധികൾ, സെക്രട്ടറി & സ്റ്റാഫ്
   - 2.2 മേറ്റ്, തൊഴിലാളികൾ, കർഷകർ, തൊഴിലിന് പോകാത്ത തൊഴിൽ കാർഡ് ഉടമകൾ
3. **ഫയൽ പരിശോധന**
   - 3.1 പൊതു പ്രവർത്തികൾ, വ്യക്തിഗത പ്രവർത്തികൾ
   - 3.2 രേഖകളുടെ ഉള്ളടക്കം - സുതാര്യത, പരിപൂർണ്ണത
4. **ഫീൽഡ് സന്ദർശനം, നിരീക്ഷണം**
   - 4.1 പൂർത്തിയായ തൊഴിലിടം, നടന്നുകൊണ്ടിരിക്കുന്ന തൊഴിലിടം
5. **റഫറൻസ്**
   - 5.1 വികസനരേഖ, വാർഷിക പദ്ധതി രേഖ, എംഐഎസ്, രജിസ്റ്ററുകൾ
6. **വിവരങ്ങളുടെ ക്രോഡീകരണം**
   - 6.1 ക്രോസ് വെരിഫിക്കേഷൻ, അവസാനവട്ട ചർച്ച
7. **കരട് റിപ്പോർട്ട് തയ്യാറാക്കൽ**

## 2.പഞ്ചായത്ത്അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| 1 | ജില്ല | പാലക്കാട് |
| 2 | ബ്ലോക്ക് | ആലത്തൂർ |
| 3 | അതിരുകൾ | |
| | കിഴക്ക് | പല്ലശ്ശന തേങ്കുറിശ്ശി പഞ്ചായത്തുകൾ. |

| | | |
|---|---|---|
| | | |
| | പടിഞ്ഞാറ് | ആലത്തൂർ കുത്തനൂർ പഞ്ചായത്തുകൾ. |
| | തെക്ക് | മേലാർകോട് പഞ്ചായത്ത് |
| | വടക്ക് | തേങ്കുറിശ്ശി കുഴൽമന്നം കുത്തന്നൂർ പഞ്ചായത്തുകൾ. |
| 4 | വിസ്തീർണം | 33.67ച. കി. മി |
| 5 | വാർഡ്കളുടെഎണ്ണം | 18 |
| 6 | ജനസംഖ്യ | 30621 |
| 7 | സ്ത്രീകള് | 15659 |
| 8 | പുരുഷന്മാര് | 14962 |
| 9 | പട്ടികജാതി ജനസംഖ്യ | 6607 |
| 10 | പട്ടിക വര്ഗ ജനസംഖ്യ | 27 |
| 11 | സാക്ഷരത | 92% |

## 3.വാർഡിനെ കുറിച്ചുള്ള അടിസ്ഥാന വിവരം

| | | |
|---|---|---|
| 1 | അതിരുകൾ | |
| 1.1 | വടക്ക് | അരീകോട് |
| 1.2 | തെക്ക് | എരിമയൂർ -മരുതകോട് |
| 1.3 | കിഴക്ക് | എരിമയൂർ-അരീകോട് |

| | | |
|---|---|---|
| 1.4 | പടിഞ്ഞാറ് | മരുതകോട് |
| 2 | വിസ്തീർണ്ണം | 12ച. കി. മി |
| 3 | ജനസംഖ്യ | 2248 |
| 3.1 | സ്ത്രീ | 906 |
| 3.2 | പുരുഷൻ | 877 |
| 3.3 | പതിനെട്ടു വയസിനു താഴെ ഉള്ളവർ | 465 |

## 4.തൊഴിലുറപ്പ് പദ്ധതി അടിസ്ഥാന വിവരം

| | **അടിസ്ഥാന വിവരം** | എരുമയൂർ. | വാർഡ് 2 |
|---|---|---|---|
| 1 | Total No. of Job Cards issued | 5181 | 364 |
| 2 | Total No. of Active Job Cards | 3068 | 123 |
| 3 | Total no. of Job cards ST | | |
| 4 | Total no. of Job cards SC | 1173 | 36 |
| 4 | Persondays Generated so far | 108753 | 2905 |
| 5 | Total No of HHs completed 100 Days of Wage Employment | 85 | 4 |
| | Total Expenditure | 31358668 | 977175(oct1-mar31) |

## 5.ഓഡിറ്റ്നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്

| **ക്രമ നമ്പർ** | **പ്രവൃത്തിയുടെ പേര്** | **വർക്ക് ഐ.ഡി** | **കാലയളവ്** | **ചിലവ** | **പ്രവൃത്തി ദിനങ്ങൾ** |
|---|---|---|---|---|---|
| **1** | **മുത്തു മുഹമ്മദിന്റെ കുളം ആഴം കൂട്ടി ജലസംരക്ഷണശേഷി വർധിപ്പിക്കൽ (538/18-19)** | **IF/305217** | **06/03/2019 To 29/03/2019** | 122925 | 351 |

| | | | | | |
|---|---|---|---|---|---|
| 2 | ചേരനാട് വാർഡിൽ പച്ചക്കറികൃഷിക്ക് നിലം ഒരുക്കൽ പാറു കറയുമ്പാറ (463/18-19) | LD/232468 | 23/01/2019 To 26/01/2019 | 11000 | 40 |
| 3 | ചെറുകിട നാമമാത്ര കർഷകരുടെ മണ്ണ് ജല സംരകഷണ പ്രവർത്തികൾ രുക്മണി വടകുത്തറ (464/18-19) | LD/317721 | 23/01/2019 To 29/01/2019 | 3850 | 14 |
| 4 | ചേരനാട് വാർഡിലെ പ്രളയക്കെടുതി മൂലം നാശം സംഭവിച്ച എർതെൺ ബണ്ട് പുനഃസ്ഥാപിക്കൽ (267/18-19) | WC/329724 | 02/10/2018 To 31/11/2018 | 329175 | 797 |
| 5 | ചേരനാട് വാർഡിൽ പ്രളയക്കെടുതി മൂലം നാശം സംഭവിച്ച ഡ്രൈനേജുകളുടെ വെള്ളക്കെട്ട് ഒഴിവാക്കൽ(462/18-19) | FP/345525 | 31/01/2019 To 04/02/2019 | 125675 | 457 |
| 6 | കയറുമ്പാറ ചറിയത്തോടു ആഴം കൂട്ടലും ബർഷവുഡ് തടയണ നിർമാണവും (518/18-19) | IC/212541 | 20/02/2019 T0 02/03/2019 | 159225 | 579 |
| 7 | ഉരുതുംപാറ തോട് ആഴം കൂട്ടലും ബർഷവുഡ് തടയണ നിർമാണവും(537/18-19) | IC/212542 | 06/03/2019 To 14/03/2019 | 103675 103675 | 377 |
| 8 | തോട്ടുപാലം മുതൽ ചരോനാടുവരെ തോട് ആഴം കൂട്ടലും ബർഷവുഡ് തടയണ നിർമാണവും(558/18-19) | IC/212518 | 18/03/2019 To 29/03/2019 | 121550 | 250 |
| 9 | ചരേനാട് വാർഡിൽ പച്ചക്കറികൃഷിക്ക് നിലം ഒരുക്കൽ രുഗ്മണി (467/18-19) | LD/232466 | 23/01/2019 To 26/01/2019 | 11000 | 40 |

## 6.അവകാശഅധിഷ്ഠിതനിരീക്ഷണങ്ങൾ

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴിൽ നല്കപെടുന്നതോടൊപ്പം അവരുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു.

1. സൗജന്യമായി തൊഴിൽകാർഡ് ലഭിക്കുവാൻഉള്ളഅവകാശം- ഷെഡ്യൂൾ 2; ഖണ്ഡിക 1-5, വാർഷിക മാസ്റ്റർ സർക്കുലർഅദ്ധ്യായം-3
2. അപേക്ഷിച്ച് 15ദിവസത്തിനുള്ളിൽതൊഴിൽലഭിക്കുവാനുള്ളഅവകാശവുംആയത്തിന്റെ കൈപ്പറ്റു റസീതു ലഭിക്കുന്നതിനുംഉള്ളഅവകാശം- ഷെഡ്യൂൾ 1; ഖണ്ഡിക 8, ഷെഡ്യൂൾ 2; ഖണ്ഡിക 6-13
3. അല്ലെങ്കിൽതൊഴിലില്ലായ്മവേതനംലഭിക്കുവാനുള്ളഅവകാശംആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ളദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ്പ്രോജക്ട്തയ്യാറാക്കുവാനുള്ളഅവകാശം
5. അഞ്ച്കിലോമീറ്ററിനുള്ളിൽതൊഴിൽലഭിക്കാനുള്ളഅവകാശംഅല്ലെങ്കിൽവേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ളഅവകാശം
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷസൗകര്യംഇവലഭിക്കുന്നതിനുള്ളഅവകാശംഷെഡ്യൂൾ 2; ഖണ്ഡിക 23-28
7. 15 ദിവസത്തിനുള്ളിൽവേതനംലഭിക്കുന്നതിനുള്ളഅവകാശം
8. വേതനവിതരണത്തിലെകാലതാമസത്തിന് നഷ്ടപരിഹാരംലഭിക്കുവാനുള്ളഅവകാശം
9. സമയബന്ധിതമായുള്ളപരാതിപരിഹാരത്തിനുള്ളഅവകാശം
10. സോഷ്യൽഓഡിറ്റ്നടത്തുന്നതിനുള്ളഅവകാശം

സോഷ്യൽ ഓഡിറ്റിലൂടെ പ്രവൃത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു വെന്നും വിലയിരുത്തുന്നു

.അവകാശഅധിഷ്ഠിതമായ നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

<u>തൊഴിൽ കാർഡ് ലഭ്യമാകുന്നത് സംബന്ധിച്ചു</u>

- തൊഴിലുറപ്പു നിയമം ഷെഡ്യൂൾ 2 പാര 1 അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് കേന്ദ്ര സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്.

നിരീക്ഷണം

- 2018-19 കാലയളവില് തൊഴില് കാര്ഡിന് അപേക്ഷിച്ച എല്ലാവര്ക്കും തൊഴില് കാര്ഡ് ലഭ്യമാക്കിയിട്ടുണ്ട് . തൊഴിലാളികൾ സ്വന്തം ചെലവിലാണ് പുതിയ തൊഴിൽ

കാർഡിൽ ഫോട്ടോ പതിച്ചത് എന്നും മനസിലാക്കാൻ സാധിച്ചു ഇതു അവകാശ ലംഘനമാണ്

**<u>തൊഴിൽ ആവശ്യ പെടുന്നത് സംബന്ധിച്ച</u>**

അപേക്ഷിച്ചു പതിനഞ്ചു ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപറ്റ് രസീത് ലഭിയ്ക്കുവാനുള്ള അവകാശം

നിരീക്ഷണം

- പരിശോധിച്ചതിൽ തൊഴിലാളികൾ ഗ്രൂപ്പായി വ്യക്തിഗതമായും മേറ്റിലൂടെയാണ് തൊഴിൽ ആവശ്യപ്പെടുന്നത്. ഗ്രൂപ്പ് ഡിമാൻഡ് form വെള്ളപേപ്പറിൽ എഴുതി ആണ് NREGS വിഭാഗത്തിന് നൽകുന്നത്.

<u>.തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം</u>

- തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിൽ ആവശ്യപെട്ടു കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം.
- അല്ലെങ്കിൽതൊഴിലില്ലായ്മവേതനംലഭിക്കുവാനുള്ള അവകാശം ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ളദിവസങ്ങളിൽ 1/2)

നിരീക്ഷണം

- 15 ദിവസത്തിനകത്തുതന്നെ തൊഴിൽലഭിച്ചിരുന്നില്ല. 100 തൊഴിൽ ദിനങ്ങൾക്കുള്ള അവകാശമുണ്ടായിട്ടും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏകദേശം 50ന് അടുത്ത് തൊഴിൽ ദിനം മാത്രമാണ് ഈ വാർഡിലെ തൊഴിലാളികൾക്ക് ലഭ്യമായിട്ടുള്ളത്.
- 2 കുടുംബത്തിലെ തൊഴിൽ കാർഡിൽ മാത്രം ആണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്.

<u>ജോലിസ്ഥലത്ത്,കുടിവെള്ളം,തണൽ,പ്രഥമശുശ്രൂഷകിറ്റുകൾ, എന്നിവലഭിക്കുന്നതിനുള്ള അവകാശം.</u>

- തൊഴിലുറപ്പ് നിയമ പ്രകാരം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് കുടിവെള്ളം,തണൽ ,പ്രഥമ ശുശ്രൂഷ കിറ്റ് ,കയ്യുറ കാലുറ എന്നിവ പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥാപനം വഴി സൗജന്യ മായി തൊഴിലാളികൾക്ക് ലഭികെണ്ടാതാണ്

നിരീക്ഷണം

- നിലവിൽ കുടിവെള്ളം ലഭ്യമായിട്ടുണ്ട് പ്രഥമശുശ്രൂഷയ്ക്കുള്ള കിറ്റ്,,എന്നിവ

കഴിഞ്ഞ 6 മാസത്തെ പ്രവര്ത്തികളില് ലഭ്യമായിട്ടില്ല എന്നാണ് ഫീൽഡ് വിസിറ്റ് ചെയ്യുന്ന സമയത്ത് തൊഴിലാളികളിൽ നിന്നും മേറ്റ് മാരിൽ നിന്നും മനസിലാക്കാൻ സാധിച്ചത്.

- **<u>പദ്ധതി ആരംഭ മീറ്റിംഗിൽ പങ്കെടുക്കുവാനുള്ള അവകാശം</u>**
  - തൊഴിൽ ഉറപ്പു നിയമം ഷെഡ്യൂൾ ഇരുപത്തി രണ്ടു പ്രകാരം ഒരു പദ്ധതി ആരംഭിക്കുന്നത് മുൻപ് പദ്ധതി സംബന്ധിച്ച മുഴുവൻ കാര്യങ്ങളും കൃത്യമായി തൊഴിലാളികളെ ബോധ്യ പ്പെടുത്തുന്നതിന് ബന്ധപെട്ട നിർവഹണ ഉദ്യോഗസ്ഥന്റെയും ,വാർഡ് മെമ്പർ,സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സാനിധ്യത്തിൽ ഏതെന്കിലും പൊതു സ്ഥലത്തോ തൊഴിലിടങ്ങളിൽ വച്ച് പദ്ധതി ആരംഭ മീറ്റിംഗ് നടത്തേണ്ടതുണ്ട്.

നിരീക്ഷണം

- നിലവിൽ വാർഡിൽ പ്രവ്ർത്തി തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭ മീറ്റിങ് കൂടാറുണ്ട് എന്നാണ് തൊഴിലാളികളുമായുള്ള സംസാരത്തിലും സൈറ്റ് ഡയറി പരിശോധിച്ചപ്പോഴും മനസിലാക്കാൻ സാധിച്ചത്.
- എന്നാൽ പല ഫയലിലും തൊഴിലാളികളുടെ പേര് മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ ഒപ്പ് കാണാൻ കഴിഞ്ഞില്ല

**<u>തൊഴിലിടങ്ങളിൽ ഏതെന്കിലും തരത്തിലുള്ള അപകടം സംഭവിച്ചാൽ ചികിത്സ്യക്ക് ആവശ്യമയി വരുന്ന മുഴുവൻ ചിലവുകളും തൊഴിലാളിക്ക് ലഭ്യമാക്കണം</u>**

നിരീക്ഷണം:

തൊഴിലിടത്തു വച്ചു അപകടം സംഭവിച്ച 3 പേർക്ക് ചികിത്സാ ചിലവോ നഷ്ടപരിഹാരമോ ഇതു വരെ നൽകിയിട്ടില്ല. ഏകദേശം 15 തൊഴിൽ ദിനങ്ങളും ഈ അപകടം മൂലം അവർക്കു നഷ്ടം ആയി.

**<u>പരാതി പരിഹാരം</u>**

- തൊഴിലുറപ്പ് നിയമ ഷെഡ്യൂൾ പത്തൊാൻപതു പ്രകാരം സമയബന്ധിതമായി പരാതി പരിഹാരത്തിനുള്ള അവകാശം നിഷ്കർഷിക്കുന്നു.പദ്ധതിയുമായി ബന്ധപെട്ട പരാതികൾ ഫോൺ മുഖേന ടോൾ ഫ്രീ നമ്പർ ഉപയോഗിച്ചും രേഖാമൂലം എഴുതി നൽകിയും ഇ മെയിൽ വഴിയും സമർപ്പിക്കാവുന്നതാണ്...
- 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം

എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമാക്കണം

നിരീക്ഷണം

- 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമല്ല.
- ഫീല്ഡ് സന്ദര്ശന വളേയില് തൊഴിലാളികളും ആയുള്ള കൂടികാഴ്ചയിൽ നിലവിൽ അത്തരത്തിലുള്ള ഒ രു സംവിധാനം ഉള്ളതായി അറിയാൻ കഴിഞ്ഞില്ല.
- തൊഴിൽ ദിനങ്ങൾ കുറവാണ് എന്ന് അറിയാൻ കഴിഞ്ഞു
- പരാതി എവിടെ എങ്ങനെ നൽകണം എന്ന് തൊഴിലാളികൾക്ക് അറിവില്ല.

**<u>അഞ്ചുകിലോമീറ്റർചുറ്റളവിൽതൊഴിൽലഭിക്കുവാനുള്ളഅവകാശം(Schedule 2 Para 18 )</u>**

- തൊഴിലാളിയുടെതാമസസ്ഥലത്തുനിന്ന്അഞ്ച്കിലോമീറ്റർചുറ്റളവില ല്ലതൊഴിൽലഭിക്കുന്നതെങ്കിൽവേതനത്തിന്റെ 10 ശതമാനംകൂടിഅധികവേതനംലഭിക്കുന്നതിനുള്ളഅവകാശം

നിരീക്ഷണം

- ഒരേവാർഡിൽതന്നെയുള്ളപണികളാണ് തൊഴിലാളികൾ ചെയ്തു വരുന്നത്

**<u>സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം</u>**

- തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന മുഴുവ്ഴ്ൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് നു വിധേയമാക്കണമെന്ന് സെക്ഷൻ 17(2) നിഷ്കർഷിക്കുന്നു
- നിയമം അനുശാസിക്കും പ്രകാരം ഉള്ള സോഷ്യൽ ഓഡിറ്റ് പ്രക്രിയ ഇതുവരെ നടന്നിട്ടില്ല.

## 9 . രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാറിന്റെ നിർദേശ പ്രകാരം താഴെ പറയുന്ന ഏഴു രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷികേണ്ടാതാണ്

- AMC പ്രകാരമുള്ള 7 രജിസ്റ്റർ ഉണ്ടായിരുന്നു.
-

## 1. തൊഴിൽ കാർഡ് രജിസ്റ്റർ

- തൊഴിൽകാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ ആണ്തൊഴിൽകാർഡ് രജിസ്റ്റർ.2017- 18 കാലയളവില് 5181തൊഴിൽ കാർഡ് ആണ് നിലവിൽ ഉള്ളത്. 2 വാർഡ് ചേരനാട് 364 ആകെ ജോബ് കാർഡുകൾ 123 ഇതിലേക്ക് ആക്ടീവ ർക്കേഴ്ജ് പേർ ജോബ് കാർഡ് ലിസ്റ്റ് വളരെ നല്ല രീതിയിൽ ബൈൻറ് ചെയ്ത സൂക്ഷിച്ചിരിക്കുന്നു.

## 2 ഗ്രാമസഭരജിസ്റ്റർ

- **ചെയേണ്ട പ്രവൃത്തി മുൻഗണന അടിസ്ഥാനത്തിൽ ഗ്രാമസഭ രജിസ്റ്ററിൽ കാണാൻ സാധിച്ചു.**
- ഓഡിറ്റിനു വിധേയമാക്കിയ ,2 വാർഡിലെ ഗ്രാമസഭരജിസ്റ്റർ പരിശോധിച്ചപ്പോൾ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ ഗ്രാമസഭയിൽ ചർച്ചചെയ്തു തീരുമാനിച്ചതായി കാണുവാൻ സാധിച്ചു.

## 3 ഡിമാൻഡ്അലോക്കേഷൻ/വേതനരജിസ്റ്റർ

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി uമേറ്റിനെ ഏൽപ്പിച് ഫ്രെണ്ട് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾക്കു രസീതിയും നാൽകാറുണ്ട് വളരെ നല്ല ഡിമാൻഡ് രീതിയാണ്**
- **ഓരോ പ്രവർത്തിയുടെയും ഡിമാൻഡ് അതാത് ഫയലിൽ സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം.**

## 4.വർക്ക് രജിസ്റ്റർ:

- പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
- **2018 19 കാലയളവിൽ ചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന മുഴുവൻ ഫയലുകളുടേയും വിവരങ്ങൾ വർക്ക് രജിസ്റ്ററിൽ ഉണ്ട് എം,ൈഎ.എസ് ൽ നിന്നും ഡൗൺലോഡ് ചെയ്ത്തു സൂക്ഷിച്ചി**രിക്കുന്നു

## 5 ആസ്തിരജിസ്റ്റർ: (സ്ഥിര ആസ്തികളുടെ രജിസ്റ്റർ)

- 2019 ജനുവരി മാസം വരെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തികളുടെ പേരും വിവരങ്ങളും നല്ല രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്.

## 6 പരാതി രജിസ്റ്റർ:

- നിലവിൽ പരാതികളും ഒന്നും 2018 19 കാലയളവിൽ രേഖപ്പെടുത്തിയിട്ടില്ല .എഴുതി സൂക്ഷിക്കുന്ന പരാതി രജിസ്റ്റർ പരിശോധിച്ചപ്പോൾ. യാതൊരുവിധ പരാതിയും

രേഖപ്പെടുത്തിയതായി കണ്ടില്ല.

- 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമല്ല.

**7.മെറ്റീരിയൽരജിസ്റ്റർ :**

- മെറ്റീരിയൽ രജിസ്റ്റർ പരിശോധിച്ചതിൽ കഴിഞ്ഞ വർഷം ഒറ്റ പദ്ധതിപോലും മെറ്റീരിയൽ ഉപയോഗിച്ച് വർക്ക് ചെയ്തതായി കാണാൻ കഴിഞ്ഞില്ല

**9.2പ്രവൃത്തി ഫയലിലെ 22 രേഖകൾ**

വാർഷിക മാസ്റ്റർ സർകുലർ പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെപറയുന്ന ഇരുപത്തിരണ്ടു രേഖകൾ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടാതാണ്

**1.കവർപേജ്**

- പരിശോധിച്ച 9 ഫയലുകളിൽ വാർഷിക മാസ്റ്റർസർക്കുലർ പ്രകാരമുള്ള കവർപേജ്ക്കാണാൻ സാധിച്ചു.

നിരീക്ഷണം :

1. 3 ഫയലിൽ മാത്രമേ ഷെൽഫ് ഓഫ് വർക്ക് ഇൻ സീരിയൽ നമ്പർ കാണാൻ സാധിച്ചുള്ളൂ.
2. geotag അസറ്റ് ID, TA/JE/BFT യുടെ പേരും കാണാൻ സാധിച്ചില്ല.

**2.ചെക്ക്‌ലിസ്റ്റ്**

- വർക്ക്ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെപേജ്നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക്ലിലിസ്റ്റ്ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**നിരീക്ഷണം :പരിശോധിച്ച ഫയലിൽ NREGS നിഷ്കർഷിച്ച 22 രേഖകളിൽ 14 എണ്ണം മാത്രം ആണ് സൂക്ഷിച്ച്ഇരിക്കുന്നത്.**

**പരിശോധന നടത്തിയ ഏതു ഫയലിലും പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.**

**3.**ആക്ഷൻ**പ്ലാൻ**

- ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ. കോപ്പി.ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തിതന്നെയാണോ നടപ്പിലാക്കിയത് എന്ന്

മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പിഉപകരിക്കുന്നു

- .പരിശോധിച്ച ഫയലുകളിൽ  ഒന്നിൽ പോലും AMC പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിൻറെ കോപ്പി കാണാൻ സാധിച്ചില്ല.എന്നിരുന്നാലും തൊഴിലുറപ്പ് വിഭാഗം ഓഫീസിൽപഞ്ചായത്തിലെ മുഴുവൻ ആക്ഷൻ പ്ലാനും ബൈൻഡ് ചെയ്തു വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു
- ഇതിന്റെ ഒരു കോപ്പി ഫയലിൽ കൂടി സൂക്ഷികെണ്ടാതാണ്

നിരീക്ഷണം:ആക്ഷൻ പ്ലാനിന്റെ കോപ്പി ഫയലിൽ സൂക്ഷികേണ്ടതാണ്.എന്നാൽ പരിശോധിച്ച ഫയലിൽ ആക്ഷൻ പ്ലാൻന്റെ കോപ്പി കാണാൻ സാധിച്ചില്ല.

**4.എസ്റ്റിമേറ്റ്ഡിസൈൻആൻഡ്ഡ്രോയിങ്**

- സാങ്കതേിക എസ്റ്റിമറ്റേ് പദ്ധതിയിൽ ഏറ്റെടുക്കുന്ന ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിന്റെ അനുമതിയോടുകൂടിയ സാങ്കതേിക എസ്റ്റിമറ്റേ് ഉണ്ടായിരിക്കണേ്ടതാണ്. ഓരോ പ്രവർത്തിക്കും എസ്റ്റിമറ്റേിന്റെ സംക്ഷിപ്തം, ഡിസൈൻ, പ്രവർത്തിയുടെ പ്രതീക്ഷിത നട്ടേങ്ങൾ വിശദീകരിക്കുന്ന സാങ്കതേിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കണേ്ടതും സക്വെർ സോഫ്റ്റ് വയെറിലൂടെ ഓൺലനൈായി അനുമതികൾ ലഭ്യമാക്കണേ്ടതുമാണ്.

നിരീക്ഷണം:പരിശോധിച്ച ഫയലുകളില്ലാംഡീറ്റൈൽഡ്എസ്റ്റിമറ്റേ്ഉണ്ടായിരുന്നു.... ഒരുഫയലിലുംപ്രൊജക്റ്റ്റിപ്പോർട്ട് ഉണ്ടായിരിന്നു ,ജനകീയഎസ്റ്റിമറ്റേ് പ്രവര്ത്തികളുടെ ഡ്രോയിങ്  എന്നിവ ഉണ്ടായിരുന്നില്ല

**5.ഭരണാനുമതി**

- ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതിപരിശോധിച്ച ഫയലുകളിൽ ഭരണാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട്

നിരീക്ഷണം

ഫയലിൽ **ഭരണാനുമതി** നൽകിയ ഉദ്യോഗസ്ഥന്റെ പേരിന്റെ സ്ഥാനത്ത് (null) എന്നാണ് കാണാൻ സാധിച്ചത്. ചില ഫയലിൽ ഒപ്പ്, സീൽ, ഡേറ്റ് എന്നിവയും കാണാൻ സാധിച്ചില്ല.

## 6.സാങ്കേതികാനുമതി

- പരിശോധിച്ച 9 ഫയലുകളിൽ സാങ്കതേികാനുമതി കവര്‍പ്പജ്സെക്യൂറിൽ നിന്നടുെത്ത സാങ്കതേികനുമതിയുടെ കോപ്പി എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ്സീൽ തീയതി മുതലായവയും കാണാൻ സാധിച്ചു.

**നിരീക്ഷണം :ചില ഫയലിൽ സാങ്കേതികാനുമതി ഓൺലൈൻ കോപ്പി ആയിരുന്നു അതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ്, സീൽ, ഡേറ്റ് എന്നിവ കാണാൻ സാധിച്ചില്ല.**

## 7.സംയോജിതപദ്ധതി(കൺവേർജൻസ്)

**പരിശോധിച്ച വർക്ക് ഫയൽ ക**കൺവേർജൻസ് ബാധകമല്ല.

## 8.ഡിമാൻഡ്ഫോം

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് ഫ്രെണ്ട് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾക്കു രസീതിയും നൽകാറുണ്ട് വളരെ നല്ല ഡിമാൻഡ് രീതിയാണ്**

  പതി മൂന്നാം **വാർഡിൽ പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവൃത്തികളുടെ ഡിമാൻഡ്കണ്ടെത്തിയെങ്കിലും 'ഓരോ പ്രവർത്തിയുടെയും ഡിമാൻഡ് അതാത് ഫയലിൽ സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം.**

## 9.വർക്ക്അലോക്കേഷൻഫോം

- തൊഴിൽ ആവശ്യപ്പെട്ടവർക്കു തൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക്അലോക്കേഷൻ ഫോം ഫയലില് കാണാന് സാധിച്ചില്ല

## 10.ഇമസ്റ്റർ റോൾ

- തൊഴിലാളികൾതൊഴിൽചെയ്യുന്നതീയതി, ദിവസംഉൾപ്പെടെഹാജർരേഖപ്പെടുത്തുന്നതിനുള്ളഅടിസ്ഥാനരേഖയാണ്ഇമസ്റ്റർ റോൾ.
  നിരീക്ഷണം :
  ഇതിൽബ്ലോക്ക്ഡെവലപ്മെൻറ്ഓഫീസർ,പഞ്ചായത്ത്സെക്രട്ടറിഎന്നിവർഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ ഇ-മസ്റ്റർ

റോളുകളിൽ ബ്ലോക്ക്ഡെവലപ്മെൻറ്ഓഫീസർ, പഞ്ചായത്തെസ്സക്രട്ടറിഎന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയതായി കാണാൻസാധിച്ചില്ല

- **Check leaf നോളം പ്രാധാന്യം വരുന്ന ഇ മസ്റെർ റോളിൽ ഉള്ള വെട്ടി തിരുത്തലുകൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.**

**11.മെഷർമെൻറ്പുസ്തകം (M Book)**

- എല്ലാഫയലുകളിലും M book ഉണ്ടായിരുന്നു.
- മെഷർമെൻറ്ബുക്കിൽ നമ്പർ പേജ്നമ്പർ ഇവരേഖപ്പെടുത്തിയിട്ടുണ്ട്
- AS,TS നമ്പർരേഖപ്പെടുത്തിയിട്ടില്ല. മസ്റ്റെർറോൾനമ്പർ , ഇല്ല.
- ഇതില് പ്രവർത്തിആരംഭിക്കുന്നതിനു മുമ്പുള്ള അളവും രേഖപ്പെടുത്തേണ്ടതാണ്.
- ബന്ധപ്പെട്ടഉദ്യോഗസ്ഥർഅതായത്ഓവർസിയർ, എൻജിനീയർഎന്നിവരുടെഒപ്പ്മെഷർമെന്റ് ബുക്കില് ഉണ്ടായിരുന്നുഎങ്കിലുംചിലയിടങ്ങളിൽഎല്ലാംതന്നെതീയതിരേഖപ്പെടുത്താതെഒപ്പിട്ടിരിക്കുന്നത്.

**12.മെറ്റീരിയൽലിസ്റ്റ്**

- **മെറ്റീരിയൽ ലിസ്റ്റ് കാണാൻ സാധിച്ചില്ല. മെറ്റീരിയൽ ഉപയോഗിച്ച് ഉള്ള പ്രവർത്തി ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെ നടന്നത് ആയി അറിയാൻ സാധിച്ചില്ല.**

**13.വേജ് ലിസ്റ്റ്**

- തൊഴിലാളികൾഎത്രദിവസംജോലിചെയ്തുഎന്നതിന്അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ടതുകഅതായത്കൂലി, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ചകൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാംകാണിച്ചുകൊണ്ട് പണം കൈമാറുന്നതയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്
- മസ്റ്റർറോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലുകളിലും കാണാൻ കഴിഞ്ഞില്ല

**14.മസ്റ്റർറോൾ /ഫയൽമാറ്റസ്ലിപ്പുകൾ**

- ഒരുമസ്റ്റർറോൾഅവസാനിച് 3 ദിവസത്തിനകം തന്നെ അളവുകൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥൻ രേഖപ്പെടുത്തണംഎന്ന്നിയമം അനുശാസിക്കുന്നു.അളവുകളിൽ ക്രമക്കേടുകൾ ഉണ്ടായാലോ, ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ

കപാളിറ്റിയിൽ നിലവാരം കുറയ്ക്കുകയോ, ഉയർന്നഎസ്റ്റിമേറ്റ്കാണിക്കുകയോചെയ്യുന്നത്നിയമവിരുദ്ധമാവുകയുംസെക്ഷൻ 25 അനുശാസിക്കുന്ന ശിക്ഷക്ക് വിധേയമാവേണ്ടിവരുകയുംചെയ്യും.

നിരീക്ഷണം :

എല്ലാ ഫയലുകളിലും ഫയൽട്രാക്കിംഗ്ഫോം അഥവാ മസ്റ്റർറോൾമൂവ്മെൻറ്സ്ലിപ്പ് ഫായലുകളില് ഉണ്ടായിരുന്നു.

15. മെറ്റീരിയൽവൗച്ചർബിൽ

പരിശോധന നടത്തിയ ഫയലിൽ മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല.

**16.ഫണ്ട്ട്രാൻസ്ഫർഓർഡർ(FTO)'**

- **പരിശോധിച്ച ഫയലുകളില് ഫണ്ട്ട്രാൻസ്ഫർഓർഡർ(FTO)' ഹാര്ഡ് കോപ്പി സൂക്ഷിച്ചിട്ടുണ്ട്**

**17. റോയൽറ്റി**

- പരിശോധന വിധേയമാക്കിയ ഒരു വർക്ക് ഫയലിലും റോയൽറ്റി ബാധകമല്ല

**18.ഫോട്ടോഗ്രാഫ്**

- പ്രവർത്തിതുടങ്ങുന്നതിന്മുമ്പ്പ്രവർത്തിനടന്നുകൊണ്ടിരിക്കുമ്പോള്, പ്രവർത്തിപൂർത്തീകരിച്ചുകഴിയുമ്പോള് തുടങ്ങിയഓരോഘട്ടത്തിലെയുംഫോട്ടോകൾഫയലിൽസൂക്ഷിക്കണമെന്നു നിഷ്കർഷിച്ചിരിക്കുന്നു
- ഇത്തരത്തിലുള്ള ഒരു ഘട്ടത്തിലുള്ള ഫോട്ടോയുടെ ബ്ലാക്ക് ആന്ഡ് വൈറ്റ് ഫോട്ടോ കോപ്പി സൂക്ഷിച്ചിട്ടുണ്ട് പീന്നീടുള്ള വിവിധ ഘട്ടങ്ങളിലെ ഫോട്ടോകളുംഒന്നും തന്നെ പൊതുപ്രവൃത്തികളിൽ കാണാൻ സാധിച്ചില്ല.

19 .**<u>ജിയോടാഗ്ഡ്ഫോട്ടോസ്</u>**

- പ്രവർത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോയോടാഗ്ഡ്ഫോട്ടോസ്. എന്നാൽ ഇവ പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിൽ

പോലും കാണാൻ സാധിച്ചില്ല.

**20പ്രവൃത്തിപൂർത്തീകരണസാക്ഷ്യപത്രം**

- പരിശോധിച്ച5ഫയലിൽ  പ്രവ്ർത്തി പൂർത്തികരണ സാക്ഷ്യപത്രം കാണാൻ കഴിഞ്ഞില്ല

**21. സോഷ്യൽഓഡിറ്റ്റിപ്പോർട്ട്**

- എഎംസി പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നത് ഇപ്പോഴാണ്.

**22.സൈറ്റ്ഡയറി**

- സംസ്ഥാനസർക്കാരിന്റെനിർദ്ദേശപ്രകാരംവർക്ക്ഫയലിൽസൂക്ഷിക്കേണ്ട 22 മത്തെരേഖയാണ് സൈറ്റ് ഡയറി.
- **പരിശോധനയ്ക്ക്  വിധേയമാക്കിയ പ്രവൃത്തികളിൽ  എല്ലാത്തിലും** എണ്ണത്തിന്**സൈറ്റ് ഡയറി സൂക്ഷിച്ചിരുന്നു.**
- സൈറ്റ്ഡയറിയുടെ കവർപേജിൽ പ്രവർത്തിയെ കുറിച്ചുള്ള അടിസ്ഥാന വിവരം ആയിരിക്കും.
- പ്രാഥമികവിവരങ്ങൾഏതൊരുവ്യക്തിക്കുംമനസ്സിലാക്കാൻപറ്റുന്നരീതിയിൽഉണ്ടാകേണ്ടതാണ്.പ്രവർത്തിആരംഭിക്കുന്നദിവസംപ്രവർത്തിഅവസാനതീയതിഎസ്റ്റിമേറ്റ്തുക,പ്രവൃത്തി ദിനങ്ങൾ ,എന്നിവ കവർപേജിൽ ഉണ്ടായിരുന്നു.
- പണിസ്ഥലത്തെസൌകര്യങ്ങളുടെലഭ്യതഅടങ്ങിയ ചെക്ലിസ്റ്റ്പൂർണമായും  പൂരിപ്പച്ചിരുന്നു.
- സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് പ്രോജക്റ്റ്ഇനീഷ്യൽമീറ്റിങ്ങ്.ഒരുപ്രവൃത്തിതുടങ്ങുന്നതിനുമുമ്പ്പ്രവർത്തിയെക്കുറിച്ചുള്ളവിവരങ്ങൾപങ്കുവയ്ക്കുന്നതുംഅതുപോലെഒരുപ്രവർത്തിഎങ്ങനെ ചെയ്യണമെന്ന്തൊഴിലാളികൾക്ക്കൃത്യമായഅവബോധംഉണ്ടാക്കിഎടുക്കുന്നതിനുംവാർഡ്മെമ്പർ, സ്റ്റാഫ് എന്നിവരുടെഅധ്യക്ഷതയിൽകൂടുന്നയോഗമാണ്പദ്ധതി ആരംഭമീറ്റിങ്ങ്.പരിശോധിച്ച്ഫയലുകളിൽ 9 എണ്ണത്തിന് *ഉള്ളസൈറ്റ്ഡയറിയിൽ*എല്ലാംമേൽപറഞ്ഞഅധികാരികളുടെസാന്നിധ്യത്തിൽപദ്ധതിആരംഭമീറ്റിംങ്ങ് നടത്തിയതായിബോധ്യപ്പെട്ടു.ചില സൈറ്റ് ഡയറിയിൽ തൊഴിലാളികൾ ഒപ്പ് കാണാൻ കഴിഞ്ഞില്ല.
- സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് വിജിലൻസ്ആൻഡ്മോണിറ്ററിങ

കമ്മിറ്റി.വിജിലൻസ്ആൻഡ്മോണിറ്ററി കമ്മിറ്റി യുടെറിപ്പോർട്ട്ഉണ്ടായിരുന്നെങ്കിലുംഅഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടയിരുന്നില്ല.ഓരോവാർഡിലെ പ്രവർത്തനങ്ങളെനിരീക്ഷിക്കുന്നതിനുംകൂടുതൽമെച്ചപ്പെടുത്തുന്നതിനുമായികാര്യക്ഷമമായപ്രവർത്തിക്കേണ്ടവരുമാണ്വി.എം.സിയിൽഅംഗങ്ങൾആയിരിക്കേണ്ടത്.

- തൊഴിലാളികളുടെ പ്രശ്നങ്ങൾമനസ്സിലാക്കുന്നതിനും, പദ്ധതിനിർവഹണഏജൻസിയുടെഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, VMC അംഗങ്ങൾഎന്നിവർപ്രവൃത്തിനടക്കുമ്പോൾസ്ഥലസന്ദർശനംനടത്തേണ്ടതാണ്. സൈറ്റ്ഡയറികളിൽ, സന്ദർശകരുടെപേരും,ഒപ്പും, രേഖപ്പെടുത്തിയിരുന്നെങ്കിലും, കുറിപ്പ്ഉണ്ടായിരുന്നില്ല.
- സൈറ്റ് ഡയറി യിൽ ഉണ്ടായിരികേണ്ട മറ്റൊരു പ്രധാനപെട്ട ഭാഗമാണ് തൊഴിലാളികളുടെസാക്ഷിപത്രം ,മസ്റ്റർറോളിൽഒപ്പുവെച്ചതൊഴിലാളികൾപ്രവൃത്തി ചെയ്തുഎന്നും, മേറ്റ്മേൽനോട്ടംവഹിച്ചുഎന്നുംതെളിയിക്കുന്ന ആധികാരിക രേഖയാണ്സാക്ഷിപത്രംപരിശോധിച്ച്ഫയലുകളിൽ ഉള്ളസൈറ്റ്ഡയറിയിൽഎല്ലാംതൊഴിലാളികൾസാക്ഷ്യപ്പെടുത്തിയിരുന്നു.

## 10.പ്രവർത്തികളുടെപരിശോധനവിവരണം

**1.**പ്രവൃത്തിയുടെ പേര് **:മുത്തു മുഹമ്മദിന്റെ കുളം ആഴം കൂട്ടി ജലസംരക്ഷണശേഷി വർധിപ്പിക്കൽ (538/18-19)**

ചിലവായ തുക:122925

പ്രവർത്തി ആരംഭിച്ച തീയതി : 06/03/2019

പൂർത്തീകരിച്ച തീയതി:29/03/2019

തൊഴിൽ ദിനങ്ങൾ : 351

**M Book മെശേഷർസ് :625 ച മീറ്റർ @4.55/ച മീറ്റർ**

**211.82 ച മീറ്റർ @130.08/ച മീറ്റർ**

**119cubic മീറ്റർ @317.75/Cubic മീറ്റർ**

നിരീക്ഷണം :ഏകദേശം 250 sq m ആണ് കുളത്തിന്റെ വിസ്തീർണം.ഈ കുളം മുത്തു മുഹമ്മദിത്തിന്റെ ആവശ്യത്തിന് മാത്രമാണ് ഉപയോഗിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു. ഇപ്പോൾ അവിടെ മീൻ വളർത്തുന്നുണ്ട്.വളരെ നല്ല രീതിയിൽ ആണ് സന്ദർശന സമയത്ത് കുളത്തിന്റെ അവസ്ഥ.

**2 പ്രവൃത്തിയുടെ പേര് : ചേരനാട് വാർഡിൽ പച്ചക്കറികൃഷിക്ക് നിലം ഒരുക്കൽ പാറു കറയുമ്പാറ (463/18-19)**

ചിലവായതുക:11000

പ്രവർത്തി ആരംഭിച്ച തീയതി :23/01/2019

പൂർത്തീകരിച്ച തീയതി:26/01/2019

തൊഴിൽ ദിനങ്ങൾ :40

**M Book മെശേഷർസ് :150 ച മീറ്റർ @35.77/ച മീറ്റർ**

**: 37.80Cubic മീറ്റർ@130.08 മീറ്റർ**

നിരീക്ഷണം : 15 മീറ്റർ നീളവും 10മീറ്റർ വീഥിയിൽ ആണ് പ്രവർത്തി നടന്ന സ്ഥലം. പ്രവർത്തി നടന്ന സ്ഥലത്ത് പച്ചക്കറിയായിട്ടു ചേമ്പു മാത്രം ആണ് കാണാൻ കഴിഞ്ഞത്.ഈ കഴിഞ്ഞ പ്രളയം മൂലം നട്ടുപിടിപ്പിച്ച തൈകൾ എല്ലാം നാശം സംഭവിച്ചതായി അറിയാൻ സാധിച്ചു.

**3. പ്രവൃത്തിയുടെ പേര് :ചെറുകിട നാമമാത്ര കർഷകരുടെ മണ്ണ് ജല സംരകഷണ പ്രവർത്തികൾ രുക്മണി വടകുത്തറ (464/18-19)**

ചിലവായതുക : 3850

പ്രവർത്തി ആരംഭിച്ച തീയതി :23/01/2019

പൂർത്തീകരിച്ച തീയതി :29/01/2019

തൊഴിൽ ദിനങ്ങൾ :14

**M Book മെശേഷർസ് :130ച മീറ്റർ @2.33/ച മീറ്റർ**

22.75Cubic മീറ്റർ 169.38/മീറ്റർ

നിരീക്ഷണം : 15 മീറ്റർ നീളവും 10 മീറ്റർ വീഥിയിൽ ഉള്ള സ്ഥലത്ത് ആണ് പ്രവർത്തി നടന്നത് എന്ന് അറിയാൻ സാധിച്ചു.
ഇപ്പോൾ ചേന, ചേമ്പു തുടങ്ങിയ കൃഷി കാണാൻ സാധിച്ചു.

**4.പ്രവൃത്തിയുടെ പേര്:ചേരനാട് വാർഡിലെ പ്രളയക്കെടുതി മൂലം നാശം സംഭവിച്ച എർതെൺ ബണ്ട് പുനഃസ്ഥാപിക്കൽ (267/18-19)**

ചിലവായതുക:329175

പ്രവർത്തി ആരംഭിച്ച തീയതി:12/10/2018

പൂർത്തീകരിച്ച തീയതി:31/11/2018

തൊഴിൽ ദിനങ്ങൾ : **797**

**M Book മെശേഷർസ് :2969ച മീറ്റർ @35.77/ച മീറ്റർ**

**3034.30ച മീറ്റർ @35.77/ച മീറ്റർ**

**3085.20ച മീറ്റർ @35.77/ച മീറ്റർ**

**നിരീക്ഷണം : തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്ത് ഒന്നും കാണാൻ സാധിച്ചില്ല.എല്ലാം പ്രളയത്തിൽ നശിച്ചു എന്നാണ് അറിയാൻ സാധിച്ചത്.തൊഴിലാളികളുടെ വീടുകളിലെ നിന്ന് സംഘടിപ്പിച്ച ചാക്കിൽ മണ്ണ് നിറച്ചഉള്ളത് ആയിരുന്നു ബണ്ട് നിർമാണം എന്ന് അറിയാൻ സാധിച്ചത്.**

**5.പ്രവൃത്തിയുടെ പേര് :ചേരനാട് വാർഡിൽ പ്രളയക്കെടുതി മൂലം നാശം സംഭവിച്ച ഡ്രൈനേജുകളുടെ വെള്ളക്കെട്ട് ഒഴിവാക്കൽ(462/18-19)**

ചിലവായ തുക - :125675

പ്രവർത്തി ആരംഭിച്ച തീയതി - :31/01/2019

പൂർത്തീകരിച്ച തീയതി- : **04/02/2019**

തൊഴിൽദിനങ്ങൾ - : **457**

**M Book മെശേഷർസ് :434.42 ച മീറ്റർ @145.8/ച മീറ്റർ**

**33 Cubic മീറ്റർ @46.07/cubic മീറ്റർ**

**നിരീക്ഷണം :പ്രളയത്തിൽ രൂപപ്പെട്ട വെള്ളക്കെട്ട് ഒഴിവാക്കാൻ വേണ്ടിയാണ് ഈ പ്രവൃത്തി ചെയ്തത്. എന്നാൽ ഇപ്പോൾ മാലിന്യം നിക്ഷേപിച്ചു വളരെ വൃത്തിഹീനം ആയ നിലയിൽ ആണ് ഡ്രൈനേജ്.**

**6.പ്രവൃത്തിയുടെപേര് :കയറുമ്പാറ ചറിയത്തോടു ആഴം കൂട്ടലും ബ്രഷ്‌വുഡ് തടയണ നിർമാണവും (518/18-19)**

ചിലവായതുക- :159225

പ്രവർത്തിആരംഭിച്ചതീയതി -20/02/2019

പൂർത്തീകരിച്ചതീയതി-02/03/2019

തൊഴിൽദിനങ്ങൾ - 579

**M Book മെശേഷർസ് :3000ച മീറ്റർ @4.55/ച മീറ്റർ**

**285ച മീറ്റർ @35.77/ച മീറ്റർ**

**305.25ച മീറ്റർ @130.08/ച മീറ്റർ**

**9.06Cubic മീറ്റർ @8.13/Cubic മീറ്റർ**

നിരീക്ഷണം :കൃഷ്യവിശ്യത്തിനായി ചെറിയത്തോടിന്റെ ആഴം കൂട്ടലും മണൽ ചാക്ക് ഉപയോഗിച്ചു തടയണ നിർമാണവും ആയിരുന്നു പ്രവർത്തി.തോടിലെ ഒഴുക്ക് സുഗമായി നടക്കുന്നു.ഏകദേശം 500 മീറ്റർ നീളത്തിൽ 5 മീറ്റർ വീഥിയിലാണ് തോട്.

**7. പ്രവർത്തിയുടെ പേര്:ഉരുതുംപാറ തോട് ആഴം കൂട്ടലും ബ്രഷ്വുഡ് തടയണ നിർമാണവും(537/18-19)**

**ചിലവായ തുക.:103675**

**പ്രവർത്തി ആരംഭിച്ച തീയതി.06/03/2109**

**പൂർത്തീകരിച്ച തീയതി.14/03/2019**

**തൊഴിൽ ദിനങ്ങൾ.377**

**M Book മെശേഷർസ് :3300ച മീറ്റർ @4.55/ച മീറ്റർ**

**1485ച മീറ്റർ @35.77/ച മീറ്റർ**

**265.87cubic മീറ്റർ @130.08/cubic മീറ്റർ**

**നിരീക്ഷണം :**

**മണൽച്ചാക്കും ഉണക്ക് മരങ്ങളുടെ ഉപായയോഗിച്ചു ഉള്ളതായിരുന്നു തടയണ എന്ന് അറിയാൻ സാധിച്ചു.ഏകദേശം 600 മീറ്റർ നീളവും 5 വീഥിയിൽ ഉള്ള തോടിൽ ജലത്തിന് ഒഴുക്ക് സുഗമമായി നടക്കുന്നുണ്ട്. എന്നാൽ തോടിന്റെ പരിസരപ്രദേശം കാടുപിടിച്ചു കിടക്കുന്നുണ്ട്.**

**8 .പ്രവൃത്തിയുടെ പേര്:തോട്ടുപാലം മുതൽ ചരോനാടുവരെ തോട് ആഴം കൂട്ടലും ബ്രഷ്വുഡ് തടയണ നിർമാണവും(558/18-19)**

**ചിലവായ തുക.121550**

**പ്രവർത്തി ആരംഭിച്ച തിയ്യതി.18/03/2019**

**പൂർത്തീകരിച്ച തീയതി.29/03/2019**

**തൊഴിൽ ദിനങ്ങൾ.250**

**M Book മെശേഷർസ് :3000 ച മീറ്റർ @ 4.55/ച മീറ്റർ**

**1076 ച മീറ്റർ @35.77/ച മീറ്റർ**

**1923 ച മീറ്റർ @35.77/ച മീറ്റർ**

**നിരീക്ഷണം :മണൽച്ചാക്കും ഉണക്ക് മരങ്ങളുടെ ഉപായയോഗിച്ചു**നിര്മിച്ചതായിരുന്നു **തടയണ എന്ന് അറിയാൻ സാധിച്ചു.ഈ സ്ഥലങ്ങളിലെ സന്ദർശകളിൽ നിന്ന് തോടിലെ ചളി നീക്കിയതായി കാണാൻ സാധിച്ചു. അതുകൊണ്ട് തന്നെ തോട്ടെ ജലത്തിന് ഒഴുക്ക് സുഗമമായി നടക്കുന്നുണ്ട്. ഈ പ്രദേശത്തെ കൃഷിക്ക് ആവശ്യമായ ജലം ഈ തോടിലൂടെ ആണ് കൃഷിസ്ഥലത്തേക്ക് എത്തുന്നത്.**

**9.പ്രവൃത്തിയുടെ പേര്:**ചരേനാട് വാർഡിൽ പച്ചക്കറികൃഷിക്ക് നിലം ഒരുക്കൽ

രുഗ്മണി **(467/18-19)**

**ചിലവായ തുക:11000**

**പ്രവർത്തി ആരംഭിച്ച തിയ്യതി:23/01/2019**

**പൂർത്തീകരിച്ച തീയതി.26/01/2019**

**തൊഴിൽ ദിനങ്ങൾ.40**

**M book മെശേഷർസ് :150 ച മീറ്റർ @35.77/ച മീറ്റർ**

**37.80 cubic മീറ്റർ @130.08/cubic മീറ്റർ**

**നിരീക്ഷണം :ഒരേ കൃഷിയിടത് 10 മീറ്റർ നീളവും 8 മീറ്റർ വീഥിയിലുള്ള രണ്ട് പ്ലോട്ടികളിൽ ആയി ആണ് പ്രവർത്തി നടന്നത് എന്ന് അറിയാൻ കഴിഞ്ഞു. ഇപ്പോൾ നല്ല രീതിയിൽ ചേമ്പു ചേന തുടങ്ങിയിയ നാടൻ കൃഷി കാണാൻ സാധിച്ചു.**

**11.CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്..ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്. ഓരോ പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ സിമൻറ്ഉം കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഇരുമ്പ് ,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ്. നിർമ്മാണച്ചെലവ് വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. സിഐബി അടങ്ങുന്ന ഒരു ഫോട്ടോ വർക്ക് ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.–

പരിശോധനയ്ക്ക് വിധേയമായ തൊഴിൽ ഇടങ്ങളില് CIB സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞില്ല.

**12.റോസ്ഗാർദിനം**

തൊഴിൽആവശ്യകതകൃത്യമായിരജിസ്റ്റർചെയ്യുന്നതിനുംതൊഴിലാളികളുടെഅർഹതകളുംഅവകാശങ്ങളുംഅവരെബോധ്യപ്പെടുത്തുന്നതിനുംപദ്ധതികൾപരിഹരിക്കുന്നതിനുമായിറോസ്ഗാർദിനംസംഘടിപ്പിക്കേണ്ടതാണ്.റോസ്ഗാർദിനംആചരിക്കുന്നതിനുമുൻപായിവിവരവിദ്യാഭ്യാസവ്യാപനപ്രവർത്തനങ്ങൾസംഘടിപ്പിക്കുന്നുണ്ട്എന്ന്ജില്ലാപ്രോഗ്രാംകോഡിനേറ്റർഉറപ്പുവരുത്തേണ്ടതാണ്.റോസ്ഗാർകലണ്ടർസംബന്ധിച്ച്ഗ്രാമപഞ്ചായത്തുകളെപ്രത്യേകമായിബോധവൽക്കരിക്കേണ്ടതാണ്.റോസ്ഗാർദിനംസംഘടിപ്പിക്കുന്നതിൻറെചുമതലകളുംഉത്തരവാദിത്വങ്ങളുംസംസ്ഥാനസർക്കാർജില്ലാപ്രോഗ്രാംകോഡിനേറ്റർരൂപീകരിച്ചിട്ടുള്ളപ്രതിമാസപട്ടികഅനുസരിച്ച്തന്നെറോസ്ഗാർദിനംസംഘടിപ്പിക്കുന്നുഎന്ന്ജില്ലാപ്രോഗ്രാംകോർഡിനേറ്റർഉറപ്പുവരുത്തേണ്ടതാണ്.

ഈപട്ടികഗ്രാമവികസനമന്ത്രാലയവുമായുംപൊതുജനങ്ങളുമായുംപങ്കുവെക്കേണ്ടതുംഒരുമാസത്തിലൊരിക്കൽഗ്രാമപഞ്ചായത്ത്തലത്തിൽസംഘടിപ്പിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത്പ്രസിഡൻറ്നിയോഗിക്കപ്പെട്ടഗ്രാമപഞ്ചായത്തിലെഭാരവാഹിദിനാചരണത്തിൽഅധ്യക്ഷതവഹിക്കേണ്ടതാണ്.ഇത്നടത്തുന്നതിനുംനടപടിക്രമങ്ങൾരേഖപ്പെടുത്തുന്നതിനുള്ളസ്വയംസഹായസംഘങ്ങളുടെഫെഡറേഷൻഅംഗങ്ങൾഎന്നിവർക്കാണ്.

റോസ്ഗാർദിനംആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ളദിവസംനടത്തുന്നതിനായിഉദ്യോഗസ്ഥരെനിയോഗിക്കേണ്ടതാണ്.ഈയോഗത്തിൽമിനിറ്റ്സ്പൊതുജനങ്ങൾക്ക്പരിശോധിക്കുന്നതിനും സോഷ്യൽഓഡിറ്റിനുംലഭ്യമാക്കേണ്ടതുണ്ട്.
സംസ്ഥാനസർക്കാർദിനംസംഘടിപ്പിക്കുന്നത്സംബന്ധിച്ചറിപ്പോർട്ടുകൾശേഖരിക്കുന്നതാണ്.
സംസ്ഥാനസർക്കാർതൊഴിൽആവശ്യകതസംബന്ധിച്ച്ജില്ലാതലറിപ്പോർട്ടുകൾപതിവായിഅവലോകനംചെയ്യേണ്ടതാണ്

13.വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി
ഓരോ ഗ്രാമപഞ്ചായത്തിലും അഞ്ച് അംഗങ്ങളുള്ള ജാഗ്രത മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്. ഇതിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകേണ്ടതും പകുതി പേർ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ്. അദ്ധ്യാപകർ അംഗനവാടി വർക്കർ സ്വയം സഹായ സംഘത്തിലെ അംഗങ്ങൾ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ ഉപഭോക്തൃ സമിതികൾ യുവജന ക്ലബ്ബുകൾ പൊതു സമൂഹ സംഘടനകൾ തുടങ്ങിയവരിൽ നിന്നും VMC അംഗങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ് ഏറ്റവും കുറഞ്ഞ കാലയളവിലേക്ക് VMC യെ നിയമിക്കേണ്ടത് ഗ്രാമസഭയാണ്. പ്രവർത്തി സ്ഥല സന്ദർശനം തൊഴിലാളികളുമായി ആശയവിനിമയം നടത്തൽ ,രേഖകളുടെ പരിശോധന ,പ്രവർത്തി സ്ഥല സൗകര്യങ്ങളുടെ പരിശോധന ,പ്രവർത്തികളുടെ ഗുണനിലവാരം നിർണയിക്കൽ, തുക നിർണയം പ്രവർത്തിയിൽ ഉടനീളമുള്ള റിപ്പോർട്ടിംഗ് പ്രവർത്തിയുടെ സ്വഭാവത്തെ സംബന്ധിച്ചുള്ള ഗുണപരമായ വിലയിരുത്തൽ എന്നിവയാണ് പ്രധാന ചുമതല. VMC എല്ലാ പ്രവർത്തികളും പരിശോധിക്കേണ്ടതും മൂല്യ നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സോഷ്യൽ ഓഡിറ്റ് സമയത്ത് അവ ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതുമാണ് VMC റിപ്പോർട്ട് ഒരു പൊതു രേഖയായി കരുതേണ്ടതും ആവശ്യപ്പെടുന്നതിനനുസരിച്ച് ഒരു പൊതു രേഖയായി പഞ്ചായത്ത് നിന്നും ലഭിക്കേണ്ടതുമാണ്.

| | | |
|---|---|---|
| 1. | കെ. സുരേഷ് | വാർഡ്മെമ്പർ |
| 2. | സി. വേണു | വടുക്കത്തറ |
| 3. | സി.ആർ. കാമ്പൻ | ചേരനാട് |
| 4. | ജലജ | കയറാംപാറ |

| | | |
|---|---|---|
| 5. | ചന്ദ്രികമോൾ | ചേരനാട് |
| 6. | രാധാകൃഷ്ണൻ | ചേരനാട് |
| 7. | സ്വാമിനാഥൻ | ചേരനാട് |

ഇത്രയും പേർ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ ആക്ടിവായി ഉണ്ടെകിലും നിലവിൽ തൊഴിലുറപ്പ് പ്രവർത്തി ചെയുന്നവർ ത്തന്നെയാണ് അംഗങ്ങൾ ആയു ള്ളത്.അതുകൊണ്ട് വി.എംസി.പുന:സംഘടിപ്പിക്കേണ്ടതുണ്ട്

**ഗ്രാമസഭാ തീരുമാങ്ങൾ**

- ഫ‌ോട്ട‌ോ പതിപ്പിച്ച ത‌ൊഴിൽ കാർഡ് സൗജന്യമായി നൽകണമന്നെും ഭരണ സമിതിയുടെ അംഗീകാരം വണേമന്നെും.
- 15 ദിവസത്തിനകം ത‌ൊഴിൽ കിട്ടിയില്ലങ്കെിൽ ത‌ൊഴിലില്ലാ വതേനത്തിന് അപക്ഷേിക്കാൻ ഫ്രണ്ട് ഓഫീസ് വഴി ഉള്ള നിർദ്ദശേം.
- ത‌ൊഴിലില്ലാ വതേനത്തിന് അപക്ഷേിക്കുന്നത് മറേ്റ് വഴി ആക്കാൻ തീരുമാനമായി.
- വതേനം വകൈിയാൽ അപക്ഷേ ക‌ൊടുക്കണം എന്നും ഫ്രണ്ട് ഓഫീസിൽ നൽകണം എന്നും തീരുമാനമായി.
- 22 രഖേകൾ ഫയലിൽ സൂക്ഷിക്കാൻ തീരുമാനം ആയി.
- വിഎംസി അംഗങ്ങളെ പുന സംഘടിപ്പിക്കണമന്നെും തീരുമാനമടെുത്തു.
- ത‌ൊഴിൽ ചയ്യെുന്നതിന് ഇടയിൽ അപകടം സംഭവിച്ച ശ്രീ കമലം പരാതി ക‌ൊടുക്കാൻ തീരുമാനം ആയി.
- പ്രവർത്തി പൂർത്തിയായ എല്ലാ ഇടതും CIB വയ്ക്കാൻ തീരുമാനം ആയി.
- ത‌ൊഴിൽ ഇടത് നടുക്കുന്ന കാര്യങ്ങൾ എല്ലാം സറൈ്റ് ഡയറി യിൽ എഴുതാൻ തീരുമാനം ആയി.
- ഫസ്റ്റ് എയ്ഡ് ബോക്സ്, തണൽ, കുടിവെള്ളം എന്നിവ ലഭ്യമാകാൻ തീരുമാനം ആയി.

## നിർദ്ദേശങ്ങൾ

- തൊഴിലുറപ്പുപദ്ധതിഇനിയുംവിജയകരമായിമുന്നോട്ട്കൊണ്ടുപോകുന്നതിന്ഉ ദ്യോഗസ്ഥതലത്തിലുംഭരണതലത്തിലുംഒരുപോലെമാനദണ്ഡങ്ങൾക്കനുസൃത മായിപ്രവർത്തികൾനടപ്പിലാക്കേണ്ടതുണ്ട്.
  ത്തൊഴിലാളികളുംമെയ്റ്റ്മാരുംതൊഴിലുറപ്പുപദ്ധതിയിൽപ്രവർത്തിക്കുന്നസ്റ്റാ

ഫുകളുംഅവരുടെനിയമംഅനുശാസിക്കുന്നകൃത്യമായനിർദ്ദേശങ്ങൾപാലിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ളകുറച്ചുനിർദ്ദേശങ്ങൾഅനുബന്ധമായിചേർത്തിട്ടുണ്ട്. (അനുബന്ധംകാണുക)

- ഷെഡ്യൂൾ 1ലെപാര4ൽ അനുബന്ധ പാര 2 അനുസരിച് 60 ശതമാനംപ്രവർത്തികൾആസ്തിവർദ്ധിപ്പിക്കുന്നതുംകാര്ഷികാനുബന്ധപ്രവൃത്തികൾആയിരിക്കാൻശ്രദ്ധിക്കണം . എന്നാൽഇപ്പോളത്തെസാഹചര്യത്തിൽകൂടുതൽഭൂവികസനപ്രവർത്തികളുംആസ്തിവര്ധിപ്പിക്കുന്നതായോകൃഷിമെച്ചപ്പെടുത്തുന്നതായോകാണുന്നില്ല.
- വരമ്പുകൾകൃഷിയോഗ്യമാക്കിയതായികണ്ടില്ല. ആടലോടകം, വാതംകൊല്ലി, എരുക്ക്, ആര്യവേപ്പ്, തുടങ്ങിയഔഷധികൾജൈവവേലിക്കുഉപയോഗിക്കുന്നത്ഔഷധസസ്യപരിപാലനത്തിനുംലഭ്യതക്കുംസഹായകമാകും. (അനുബന്ധംകാണുക)
- അവകാശഅധിഷ്ഠിതമായനിയമപരിരക്ഷയോട്കൂടിയപദ്ധതിഒട്ടേറെജനങ്ങൾക്ക്ഗുണപ്രദമാകുന്നു . എന്നാൽഈപ്രവർത്തികൾതെരഞ്ഞെടുക്കുന്നതുംനടത്തിപ്പുംകൃത്യമായചർച്ചകളിലൂടെയുംതദ്ദേശീയമായവസ്തുതകൾഅനുസരിച്ചുംഅല്ല.
  പ്രവർത്തികൾഅനുയോജ്യമായവതന്നെയാണോഎന്ന്പരിശോധനയുംനടത്തിപ്പിനെസമയത്ത്കൃത്യമായമോണിറ്ററിങ്ങുംഅവലോകനങ്ങളുംചെയ്യേണ്ടതുണ്ട്എന്നാൽമാത്രമേപദ്ധതിയുടെആവശ്യകതയുംഗുണമേന്മയുംഉറപ്പുവരുത്താൻകഴിയൂ.
  ഇല്ലെങ്കിൽനാളിതുവരെയായിട്ടുംപദ്ധതിയിലെനടത്തിപ്പിലെപാളിച്ചകൾശരിയാംവിധംകണ്ടെത്താനോതെറ്റായിചെയ്തതിൻറെവിശകലനംഅടിസ്ഥാനപ്പെടുത്തിപോരായ്മകൾപരിഹരിക്കുന്നതിനോഇന്നത്തെനടത്തിപ്പുരീതിയിൽസാധ്യമാകുന്നില്ല.
  പദ്ധതിയുടെലക്ഷ്യവുംഗുണഫലങ്ങളുംസോഷ്യൽഓഡിറ്റ്പ്രക്രിയയിലൂടെഒരുസാമൂഹികവുംപാരിസ്ഥിതികവുമായപരിശോധനനടത്തിയാൽമാത്രമേപോരായ്മകൾപരിഹരിച്ച്പ്രദേശത്തിൻറെയുംജനങ്ങളുടെയുംപുരോഗതിനേടാനാവുകയുള്ളു

**ഉപസംഗ്രഹം**

ഇനിപ്രവർത്തികൾതിരഞ്ഞെടുക്കുമ്പോൾഅതീവജാഗ്രതപുലർത്തേണ്ടതുണ്ട്. ഭൂമിയെപുനരുജ്ജീവിപ്പിക്കുന്നതിനുംഅതുവഴിസുസ്ഥിരവികസനംസാധ്യമാകുന്നതിനുംലക്ഷ്യംവെച്ചിട്ടുള്ളതൊഴിലുറപ്പുപദ്ധതിയുടെപ്ലാനിംഗ്

നടത്തിപ്പ്എന്നിവസാമൂഹികപാരിസ്ഥികമാനദണ്ഡങ്ങൾപാലിച്ച്കൊണ്ട്ശാസ്ത്രീയമായിത്തന്നെനടപ്പിലാക്കേണ്ടതുണ്ട്.

എങ്ങനെയെങ്കിലുംപ്രവർത്തികൾനടപ്പിലാക്കിചെലവ്കൂട്ടുകഎന്നുംതൊഴിലാളികൾക്കുതൊഴിൽദിനങ്ങൾകൂട്ടുകഎന്നുംമാത്രമാവരുത്നിലപാടുകൾ.

വ്യക്തമായകാഴ്ചപ്പാടില്ലാതെഅശാസ്ത്രീയമായരീതിയിൽപ്രവർത്തികൾതെരെഞ്ഞെടുക്കുന്നതുംചെയ്യുന്നതും ,

കാലാനുസൃതമല്ലാത്തപ്രവർത്തികൾചെയ്യുന്നതുംഇതിന്റെയഥാർത്ഥലക്ഷ്യത്തെകളങ്കപ്പെടുത്തുന്നതായിവിഷമത്തോടെനോക്കിനിൽക്കേണ്ടിവരുന്നത്ആശങ്കാജനകമാണ്

ഈസാമൂഹികപരിശോധനഒരുഉയിർത്തെഴുന്നേൽപ്പിനുസാധ്യമാകുമെന്നപ്രത്യാശയോടെഈറിപ്പോർട്ട്സമർപ്പിക്കുന്നു.

<u>സോഷ്യൽ ഓഡിറ്റ് പ്രവർത്തന ങ്ങളിൽ പങ്കാളികൾ ആയവർ</u>

- **വാർഡ് മെമ്പർ**
- **പഞ്ചായത്ത് ഉദ്യോഗസ്ഥർ**
- **തൊഴിലുറപ്പ്  വിഭാഗം ഉദ്യോഗസ്ഥർ**
- **വാർഡിലെ തൊഴിലാളികൾ**
- **മേറ്റ് മാർ**
- **കുടുംബശ്രീ പ്രവർത്തകർ**

അനുബന്ധം- 1-

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ :**

**വിഭാഗം എ**-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

- കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിനാവശ്യമായ അടിയണകൾ,മൺ തടയണകൾ, ചെക്ക് ഡാമുകൾ,തുടങ്ങിയവ
- നീർത്തടത്തിന്റെ സമഗ്ര പരിപാലനതിനുതകുന്ന കൊണ്ടൂർ ബണ്ടുകൾ,ഭൂമി തട്ടുതിരിക്കൽ,ഗ്യാബിയോൻ നിര്മിതികൾ

**വിഭാഗം ബി**-ഖണ്ഡിക അഞ്ചിൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ജീവനോപാധി മെച്ചപ്പെടുത്തുവാനുള്ള പ്രവൃത്തികൾ. (ബി പി എൽ ,പട്ടിക ജാതി, പട്ടികവർഗ്ഗം, വിധവകൾ, ഭിന്നശേഷിക്കാർ, ഐഎവൈ ഗുണഭോക്താക്കൾ.)

- ഇവരുടെ ഭൂമിയിൽ ഉൽപ്പാദന ക്ഷമത വര്ധിപ്പിക്കുന്നതിനാവശ്യമായ ഭൂവികസനവും ,കുളം ,കിണർ തുടങ്ങിയ ജല ലഭ്യതയ്ക്ക് ആവശ്യമായ പ്രവൃത്തികൾ.
- പഴവർഗ്ഗങ്ങൾ,പട്ടുനൂൽ,തോട്ടവിളകൾ തുടങ്ങിയവയുടെ കൃഷിപ്രവൃതികൾ.
- മൃഗ പരിപാലനവുമായി ബന്ധപ്പെട്ടു കന്നുകാലി തൊഴുത്തുകൾ,ആട്ടിന്കൂട്

,കോഴിക്കൂട്,പന്നിക്കൂട് തുടങ്ങിയ വ്യക്തിഗത ആസ്ഥികൾ.

- സർക്കാർ ഭവന നിർമാണ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾക്ക് അവിദഗ്ദ കായിക തൊഴിൽ.
- മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു അടിസ്ഥാന സൌകര്യങ്ങളായ മൽസ്യം ഉണക്കു കേന്ദ്രങ്ങൾ,സൂക്ഷിപ്പ് കേന്ദ്രങ്ങൾ മല്സ്യക്രുഷിക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ എന്നിവ.

**വിഭാഗം സി**- ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യ വികസനം.

- സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കാവശ്യമായ വർക്ക് ഷെഡ് നിർമാണം.
- കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം.
- ജൈവ വള നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ.

**വിഭാഗം ഡി**-ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന പ്രവൃത്തികൾ.

- മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
- അങ്കണവാടി സ്കൂൾ തുടങ്ങിയവയ്ക്ക് കക്കൂസ് നിർമ്മാണം.
- ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും,ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡുകളുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകൾ, ഓടകൾ, കല്ലുങ്കുകൾ,നടപ്പാതകൾ .
- പൊതു കളിസ്ഥലങ്ങൾ
- വെള്ളപ്പൊക്കം, വരൾച്ചാ നിയന്ത്രണ പ്രവൃത്തികൾ.
- ഗ്രാമ പഞ്ചായത്തുകൾ,വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേ ഷനുകൾ, ഗ്രാമീണ ചന്തകൾ,അങ്കണവാടികൾ, പ്രകൃതി ക്ഷോഭ ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് കെട്ടിട നിർമ്മാണം.
- തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കാ വശ്യമായ നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം.
- തൊഴിലുറപ്പ്പ്രകാരം സൃഷ്ട്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവ.

അനുബന്ധം: **വിവിധതലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ.**

**<u>മേറ്റ് മാരുടെ ചുമതലകൾ.</u>**

പ്രവൃത്തി സ്ഥലങ്ങളിൽ പ്രവൃത്തിയുടെ മേൽനോട്ടം.

- തൊഴിൽ കാർഡിൽ ആവശ്യമുള്ള വിവരങ്ങൾ രേഖപ്പെടുത്തുക.
- മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഹാജർ ഉറപ്പു വരുത്തുക.
- മേറ്റ്മാരുടെ പരിശീലനങ്ങളിൽ പങ്കെടുക്കുക. അറിവുകൾ തൊഴിലാളിക

ളുമായി പങ്കുവെക്കുക

- പ്രവൃത്തി ഇടങ്ങളിൽ ആവശ്യ മായ സൌകര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പു വരുത്തുക
- സൈറ്റ് ഡയറിയിൽ മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം
- തൊഴിലാളികൾക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക
- പുതിയ തൊഴിൽ ഇടങ്ങൾ കണ്ടെത്തുവാനും പുതിയ തൊഴിൽ ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .
- കൃത്യമായി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.
- മറ്റു തൊഴിലാളികൾക്ക് കൂടി മേറ്റ് ന്റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക
- തൊഴിലാളികളുമായി നിരന്തര സമ്പർക്കം പുലർത്തുകയും കൂടുതൽ ബന്ധം

സ്ഥാപിക്കുകയും ചെയ്യുക.

**ഓവർസീയർ /എഞ്ചിനീയർ**

- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ.
- പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളും അളവുകളും തൊഴിലാളികൾക്ക് പറഞ്ഞു കൊടുക്കുക.
- പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി കൂലിനൽകുന്നതി നാവശ്യമായ നടപടികൾ ചെയ്യുക.

**പഞ്ചായത്ത് സെക്രട്ടറി /അസിസ്റ്റന്റ് സെക്രട്ടറി**

- പദ്ധതിയുടെ മേൽനോട്ടം.
- ബില്ലുകൾ അംഗീകരിക്കൽ.
- തൊഴിലാളികളുടെ വേതനം യഥാസമയം അവരുടെ എക്കൌണ്ടിൽ എത്തിയെന്നത് ഉറപ്പു വരുത്തൽ.
- മസ്റ്റർ റോള് സാക്ഷ്യപ്പെടുത്തി തൊഴിൽ അനുമതി നൽകുക,

**തൊഴിലാളികളുടെ കടമകൾ.**

- തൊഴിലിടങ്ങളിൽ സമയകൃത്യത പാലിക്കുക.
- പ്രോജക്റ്റ് മീറ്റിംഗ്, തൊഴിലുറപ്പ് ഗ്രാമസഭകൾ,സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എന്നിവയിൽ പങ്കെടുക്കുക.
- ഏൽപ്പിക്കുന്ന ജോലികൾ കൃത്യതയോടെ പൂർത്തീകരിക്കുക.
- ദിവസവും തൊഴിൽ ആരംഭിക്കുന്നതിനു മുമ്പും ശേഷവും മസ്റ്റർ റോളിൽ ഒപ്പുകൾ രേഖപ്പെടുത്തുക

.............................................................................................................................

**അധ്യക്ഷ** **ബ്ലോക്ക് റിസോഴ്സ് പേഴ്സണ്** **ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സണ്**